# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 28.09.2025** **TIME : 07.25 PM**

### പ്രധാന വാർത്തകൾ

1. ഇന്ത്യയിൽ നിർമ്മിക്കുന്ന സാധനങ്ങൾ മാത്രമേ വാങ്ങുകയുള്ളൂ എന്ന് ദൃഢനിശ്ചയമെടുക്കണമെന്ന് രാജ്യത്തെ പൗരൻമാരോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്രമോദി. "രാഷ്ട്രം ആദ്യം", 'എന്ന മനോഭാവം പരമപ്രധാനമെന്നും മൻ കി ബാത്തിൽ പ്രധാനമന്ത്രി.

   **Prime Minister Narendra Modi has appealed to the citizens of the country to take a decision to buy only goods made in India. The attitude of "Nation First" is of utmost importance, PM says in Mann Ki Baat**

2. അടുത്ത വർഷം മാർച്ചോടെ രാജ്യത്ത് നിന്ന് ഇടതുപക്ഷ തീവ്രവാദം പൂർണമായി ഇല്ലാതാകുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   **Left-wing extremism will be completely eliminated from the country by March next year- Union Home Minister Amit Shah**

3. അധികാരികളും ജനങ്ങളും തമ്മിൽ ദ്വിമുഖ ആശയവിനിമയം ഉണ്ടായിരിക്കണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ.

   **There should be two-way communication between the authorities and the people-Governor Rajendra Vishwanath Arlekar says**

4. നാളെ ആരംഭിക്കുന്ന സി എം വിത്ത് മി' സംവിധാനം പൊതുജന പങ്കാളിത്തത്തോടെയുള്ള ഭരണനിർവഹണം കുറ്റമറ്റ രീതിയിൽ ആക്കുന്നതിനുള്ള നാഴികക്കല്ല് ആകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

**'CM with Me' system starting tomorrow will be a milestone in making governance flawless with public participation-Chief Minister Pinarayi Vijayan**

5. ഇറാനെതിരെ ഐക്യരാഷ്ട്രസഭ വീണ്ടും സാമ്പത്തിക, സൈനിക ഉപരോധങ്ങൾ ഏർപ്പെടുത്തി.

**The United Nations has again imposed economic and military sanctions on Iran.**

6. ISSF ജൂനിയർ വേൾഡ് കപ്പ് ഷൂട്ടിംഗിൽ ഇന്ത്യയുടെ അനുഷ്ക തോക്കൂറിന് സ്വർണം. ഏഷ്യ കപ്പ് ക്രിക്കറ്റ് ഇന്ത്യ- പാകിസ്ഥാൻ ഫൈനൽ പോരാട്ടം അല്പസമയത്തിനകം.

**India's Anushka Thokur wins gold in ISSF Junior World Cup shooting. Asia Cup Cricket India-Pakistan final clash soon**

**&&&&&&&&&&&&&&&&&&**

## MANN KI BAAT -INTRO

ഇന്ത്യയിൽ നിർമ്മിക്കുന്ന സാധനങ്ങൾ മാത്രമേ വാങ്ങുകയുള്ളൂ എന്ന് ദൃഢനിശ്ചയമെടുക്കണമെന്ന് രാജ്യത്തെ പൗരൻമാരോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്രമോദി. തദ്ദേശീയമായ നിർമിച്ച ഉൽപ്പന്നങ്ങൾ വാങ്ങുമ്പോൾ ഒരു യുവസംരംഭകന്റെ സ്വപ്നങ്ങൾക്ക് ചിറകുകൾ നൽകുകയും ഒരു കുടുംബത്തിന് പ്രതീക്ഷ നൽകുകയും ചെയ്യുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു. പ്രതിമാസ റേഡിയോ പ്രഭാഷണ പരമ്പരമായ മൻ കി ബാത്ത്" 126-ാം പതിപ്പിലൂടെ പൗരൻമാരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. 'വോക്കൽ

ഫോർ ലോക്കൽ' എന്നത് ഷോപ്പിംഗ് മന്ത്രമാക്കണമെന്നും പ്രധാനമന്ത്രി പറഞ്ഞു.

(വോയിസ് പ്രധാനമന്ത്രി)
(സോഫിയ)

&&&&&&&&&&&&&&&&&&

**MANN KI BAAT- VO**

ജനങ്ങളും രാജ്യവും സ്വയംപര്യാപ്തമാകുന്നതിന്റെ പാത സ്വദേശിയിലൂടെ മാത്രമാണെന്നും ശ്രീ നരേന്ദ്രമോദി പറഞ്ഞു. സ്വദേശി ഉല്പന്നങ്ങൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് ഗാന്ധിജി ആവശ്യപ്പെട്ടിരുന്നെങ്കിലും , സ്വാതന്ത്ര്യാനന്തരം, ഖാദിയുടെ ആകർഷണീയത മങ്ങുകയായിരുന്നു. എന്നാൽ കുറച്ച് വർഷങ്ങളായി ഖാദി വിൽപ്പനയിൽ ഗണ്യമായ വർദ്ധനവ് കണ്ടിട്ടുണ്ട്. ഗാന്ധിജയന്തിയോട് അനുബന്ധിച്ച് ഏതെങ്കിലും ഒരു ഖാദി ഉൽപ്പനം വാങ്ങണമെന്നും 'വോക്കൽ ഫോർ ലോക്കൽ' എന്ന ഹാഷ് ടാഗിൽ സാമൂഹ്യമാധ്യമത്തിൽ പങ്ക് വെക്കണമെന്നും പ്രധാനമന്ത്രി പറഞ്ഞു.

(വോയിസ് പ്രധാനമന്ത്രി)

ഖാദി പോലെ രാജ്യത്തെ കൈത്തറി, കരകൗശല മേഖലകളിലും ഗണ്യമായ മാറ്റങ്ങൾ വന്നിട്ടുള്ളത് കാണാമെന്നും പ്രധാനമന്ത്രി പറഞ്ഞു . പാരമ്പര്യവും നൂതനാശയങ്ങളും സംയോജിപ്പിക്കുകയാണെങ്കിൽ അത്ഭുതകരമായ ഫലങ്ങൾ ഉണ്ടാകുമെന്നതിന് നിരവധി ഉദാഹരണങ്ങൾ ഇന്ന് രാജ്യത്ത് കാണാൻ കഴിയും. തമിഴ്നാട്ടിലെ യാഴ് നാച്ചുറൽസ് ഇതിനൊരു ഉദാഹരണമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഉത്സവ അവസരങ്ങളിൽ എല്ലാവരും വീടുകൾ വൃത്തിയാക്കുന്ന തിരക്കിലാണ്. ശുചിത്വം എന്നത് വീടിന്റെ നാല് ചുവരുകളിൽ

മാത്രം ഒതുങ്ങരുതെന്നും തെരുവ്, കമ്പോളം, ഗ്രാമം എന്നിങ്ങനെ എല്ലായിടത്തും ശുചിത്വം വരുത്തേണ്ടത് നമ്മുടെ ഉത്തരവാദിത്തമായി മാറണമെന്നും ആവശ്യപ്പെട്ട ശ്രീ നരേന്ദ്രമോദി രാജ്യത്തെ ജനങ്ങൾക്ക് ദീപാവലി ആശംസകളും നേർന്നു.

(വോയിസ് പ്രധാനമന്ത്രി)

&&&&&&&&&&&&&&&&&&

## MANN KI BAAT- 2

നവരാത്രി ഉൽസവവേളയിൽ ഭാരതം സ്ത്രീശക്തിയെ ആഘോഷിക്കുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ഏത് മേഖലയിലായാലും. ഇന്ത്യയുടെ പെൺമക്കൾ വെന്നിക്കൊടി പാറിക്കുകയാണെന്ന് ചൂണ്ടിക്കാട്ടിയ ശ്രീ മോദി, നാവിക സാഗർ പരിക്രമയിലൂടെ ലോകം ചുറ്റിയ ലെഫ്റ്റനന്റ് കമാൻഡർ ദിൽനയേയും ലെഫ്റ്റനന്റ് കമാൻഡർ രൂപയേയും അഭിനന്ദിച്ചു. ദേശസേവനത്തിനായി സ്വയം സമർപ്പിക്കുന്ന ആർ.എസ്.എസ്. പ്രവർത്തകർക്കും സംഘസ്ഥാപക ദിനത്തോട് അനുബന്ധിച്ച് ആശംസ നേർന്നു. "രാഷ്ട്രം ആദ്യം", 'Nation First' എന്ന ഈ മനോഭാവം എപ്പോഴും പരമപ്രധാനമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## HM-NAXAL MUKT

അടുത്ത വർഷം മാർച്ച് 31 ഓടെ രാജ്യത്ത് നിന്ന് ഇടതുപക്ഷ തീവ്രവാദം പൂർണമായി ഇല്ലാതാകുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ന്യൂഡൽഹിയിൽ നക്സൽ മുക്ത് ഭാരത് പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 2014 ൽ അധികാരത്തിൽ എത്തുമ്പോൾ കേന്ദ്ര സർക്കാർ ആഭ്യന്തര സുരക്ഷയിൽ ഏറ്റവും വലിയ വെല്ലുവിളി നേരിട്ട മേഖലകളാണ്

ജമ്മു കശ്മീർ, വടക്ക് കിഴക്ക്, ഇടതുപക്ഷ തീവ്രവാദ ഇടനാഴി. ഈ വെല്ലുവിളികൾ നേരിടുന്നതിന് സർക്കാർ ദൂരവ്യാപക നയമാണ് സ്വീകരിച്ചതെന്നും ശ്രീ അമിത് ഷാ പറഞ്ഞു.അതിനിടെ, ഛത്തീസ്ഗഢിൽ, കാങ്കർ ജില്ലയിലെ വന മേഖലയിൽ സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ ഒരു സ്ത്രീ ഉൾപ്പെടെ മൂന്ന് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു.

&&&&&&&&&&&&&&&&&&

## VE KARUR STAMPEDE

കരൂരിൽ തമിഴഗ വെട്രി കഴകം സംഘടിപ്പിച്ച റാലിയ്ക്കിടെയുണ്ടായ ദുരന്തത്തെക്കുറിച്ച് ഏകാംഗ കമ്മീഷൻ അന്വേഷിക്കുമെന്ന് തമിഴ്നാട് സർക്കാർ. ഹൈക്കോടതി മുൻ ജഡ്ജി ജസ്റ്റിസ് അരുണ ജഗദീശനാണ് അന്വേഷണം നടത്തുക. ഇന്നലെ നടന്ന ദുരന്തത്തിൽ 40 പേർക്കാണ് ജീവഹാനി ഉണ്ടായത്. പരിക്കേറ്റ 81 പേരിൽ രണ്ടുപേരുടെ നില ഗുരുതരമാണ്. സംഭവവുമായി ബന്ധപ്പെട്ട് നാല് ടിവികെ നേതാക്കൾക്കെതിരെ പോലീസ് കേസെടുത്തു. അതെ സമയം മരിച്ചവരുടെ ആശ്രിതർക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് 2 ലക്ഷം രൂപ വീതം ധനസഹായം നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പ്രഖ്യാപിച്ചു. പരിക്കേറ്റവർക്ക് 50,000 രൂപ വീതം നൽകും. മരിച്ചവരുടെ കുടുംബങ്ങൾക്ക് ടിവികെ സ്ഥാപകനും നടനുമായ വിജയ് 20 ലക്ഷം രൂപ വീതം ധനസഹായം പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&

## EC CENTRAL OBSERVERS

സംസ്ഥാനങ്ങളിലെയും തെരഞ്ഞെടുപ്പു നടപടികൾ നിരീക്ഷിക്കാൻ കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷൻ നിയോജകമണ്ഡലാടിസ്ഥാനത്തിൽ കേന്ദ്രനിരീക്ഷകരെ

നിയമിക്കും. കൃത്യമായ ഇടവേളകളിലും ആവശ്യമുള്ളപ്പോഴും കമ്മീഷന് നിരീക്ഷകർ റിപ്പോർട്ടുകൾ നൽകണം. ബിഹാറിലെ നിയമസഭാ തെരഞ്ഞെടുപ്പിലും മറ്റു സംസ്ഥാനങ്ങളിൽ ഉപതെരഞ്ഞെടുപ്പ് നടക്കുന്ന മണ്ഡലങ്ങളിലും 470 സിവിൽ സർവീസ് ഉദ്യോഗസ്ഥരെ കേന്ദ്രനിരീക്ഷകരായി കമ്മീഷൻ നിയോഗിച്ചു.

&&&&&&&&&&&&&&&&&&

## VIKASIT BHARAT YUVA CONNECT

കേന്ദ്ര യുവജനകാര്യ, കായിക മന്ത്രാലയത്തിന് കീഴിൽ രാജ്യത്തുടനീളമുള്ള 75 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംഘടിപ്പിക്കുന്ന വികസിത് ഭാരത് യുവ കണക്ട് പരിപാടിയുടെ 75 ശതമാനം പൂർത്തിയായി.ഇതിൻ്റെ ഭാഗമായി ഈ സെപ്റ്റംബർ 17 മുതൽ രാജ്യത്തെ 55 ലധികം സർവ്വകലാശാലകളിൽ സെഷനുകൾ വിജയകരമായി സംഘടിപ്പിച്ചു. സേവാ പഖ്വാഡയുടെ ഭാഗമായി സംഘടിപ്പിക്കുന്ന പരിപാടി ഒക്ടോബർ 2 ന് അവസാനിക്കും.

&&&&&&&&&&&&&&&&&&

## GST REFORMS-AGRO

രാജ്യത്ത് ഈ മാസം 22 ന് ആരംഭിച്ച GST ബചത് ഉത്സവ് സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും നേട്ടമുണ്ടാക്കുന്നു. വിവിധ സാധനങ്ങളുടെയും സേവനങ്ങളുടെയും നികുതി നിരക്ക് കുറച്ചത് പൗരന്മാർക്ക് ഗണ്യമായ ആശ്വാസം പകരുകയാണ്. ജ്യൂസുകൾ, ജാമുകൾ, അച്ചാറുകൾ എന്നിവയുടെ GST 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചു. ബിസ്ക്കറ്റുകളുടെ ജിഎസ്ടി 18 ശതമാനത്തിൽ നിന്ന് 5 ശതമാനമായും, നാംകീനുകളുടെയും സോസുകളുടെയും ജിഎസ്ടി 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായും കുറച്ചു.

&&&&&&&&&&&&&&&&&&

## PM-DELHI BJP OFFICE

ഡൽഹി ദീൻ ദയാൽ ഉപാധ്യായ മാർഗിലെ പുതിയ ബിജെപി ഓഫീസ് നാളെ പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്യും. ഉദ്ഘാടന ചടങ്ങിൽ ബിജെപി ദേശീയ പ്രസിഡൻറ് ജഗത് പ്രകാശ് നദ്ദ, ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്ത, , കേന്ദ്രമന്ത്രിമാർ ഉൾപെടെ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## RAJBHAVAN- RAJAHAMSE

അധികാരികളും ജനങ്ങളും തമ്മിൽ ദ്വിമുഖ ആശയവിനിമയം ഉണ്ടായിരിക്കണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ. രാജ്ഭവൻ പുതുതായി പ്രസിദ്ധീകരിക്കുന്ന 'രാജഹംസ്' പ്രകാശന ചടങ്ങിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജനങ്ങളോട് സംവദിക്കാനാണ് രാജഹംസ് മാസിക പ്രസിദ്ദീകരണത്തിന് തുടക്കമിട്ടതതെന്നും ഗവർണർ പറഞ്ഞു. സർക്കാർ വിരുദ്ധ അഭിപ്രായങ്ങളേയും സ്വാഗതം ചെയ്യുക എന്നതാണ് സർക്കാരിന്റെ നിലപാടെന്ന് "രാജഹംസ്" മാസികയുടെ പ്രകാശനം നിർവഹി ച്ച മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

&&&&&&&&&&&&&&&&&&

## SEVA PARV - KISAN SAMMAN NIDHI INTRO

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കിയ കേന്ദ്രസർക്കാർ, പി എം കിസാൻ സമ്മാൻ നിധിയിലൂടെ രാജ്യത്തെ കർഷകരെ ശാക്തീകരിച്ചതിനെകുറിച്ചാണ്

ആകാശവാണിയുടെ പ്രത്യേക പരമ്പരയായ സേവാ പർവ്വിൽ ഇന്ന്.

(വോയ്സ്)

## SEVA PARV - KISAN SAMMAN NIDHI VO

(മ്യൂസിക്)

നൂറ്റാണ്ടുകളായി രാജ്യത്തെ ജനസംഖ്യയുടെ വലിയൊരു വിഭാഗവും ജീവിത മാർഗത്തിനായി ആശ്രയിക്കുന്നത് കാർഷിക മേഖലയാണ്. നിരവധി വെല്ലുവിളികൾ കർഷകർ നേരിട്ടിരുന്നു. ഈ പ്രതിസന്ധികൾ മറികടക്കുന്നതിനാണ് പി എം കിസാൻ സമ്മാൻ നിധി ആരംഭിച്ചതെന്ന് 2019 ഫെബ്രുവരി 24 ന് പദ്ധതിയുടെ ഉദ്ഘാടന വേളയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

(പി എം വോയിസ്)
(മ്യൂസിക്)

&&&&&&&&&&&&&&&&&&

## CM WITH ME

പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരാതികളും മുഖ്യമന്ത്രിയോട് പറയുന്നതിനായി 'മുഖ്യമന്ത്രി എന്നോടൊപ്പം' സിറ്റിസൺ കണക്ട് സെന്റർ നാളെ പ്രവർത്തനം ആരംഭിക്കും. 1800-425-6789 എന്ന ടോൾഫ്രീ നമ്പരിലൂടെയാണ് ജനങ്ങൾക്ക് മുഖ്യമന്ത്രിയോട് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരാതികളും പറയാൻ കഴിയുക.സംസ്ഥാന സർക്കാരും പൊതുജനങ്ങളും തമ്മിലുള്ള ആശയവിനിമയം പരിപോഷിപ്പിക്കുകയാണ് ലക്ഷ്യം.സി എം വിത്ത് മി' സംവിധാനം പൊതുജന പങ്കാളിത്തത്തോടെയുള്ള ഭരണനിർവഹണം കുറ്റമറ്റ രീതിയിൽ ആക്കുന്നതിനുള്ള നാഴികക്കല്ല് ആകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ..

&&&&&&&&&&&&&&&&&&

## IRAN-SANCTION

ഇറാനെതിരെ ഐക്യരാഷ്ട്രസഭ വീണ്ടും സാമ്പത്തിക, സൈനിക ഉപരോധങ്ങൾ ഏർപ്പെടുത്തി. 10 വർഷങ്ങൾക്ക് ശേഷമാണ് വീണ്ടും ഉപരോധം ഏർപ്പെടുത്തിയത്. ആണവ കരാർ ലംഘിക്കുന്നതായി ചൂണ്ടിക്കാട്ടി യുകെ, ഫ്രാൻസ്, ജർമ്മനി എന്നീ രാജ്യങ്ങളാണ് ഇറാനുമേൽ വീണ്ടും ഉപരോധം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾക്ക് തുടക്കമിട്ടത്.

&&&&&&&&&&&&&&&&&&

## SHOOTING

ISSF ജൂനിയർ വേൾഡ് കപ്പ് ഷൂട്ടിംഗിൽ ഇന്ത്യയ്ക്ക് സ്വർണം. വനിതകളുടെ 50 മീറ്റർ റൈഫിൾ 3-പൊസിഷൻസ് ഇനത്തിൽ അനുഷ്ക തോക്കൂറാണ് സ്വർണം നേടിയത്. അനുഷ്കയുടെ രണ്ടാം സ്വർണ്ണമാണിത്. ജൂനിയർ പുരുഷന്മാരുടെ മത്സരത്തിൽ അഡ്രിയൻ കർമാകർ വെള്ളി നേടി. നാല് സ്വർണ്ണവും ആറ് വെള്ളിയും മൂന്ന് വെങ്കലവുമായി ഇന്ത്യ നിലവിൽ ഒന്നാമതാണ്.

&&&&&&&&&&&&&&&&&&

## ASIA CUP

ഏഷ്യ കപ്പ് ക്രിക്കറ്റിൽ ഇന്ന് കലാശപ്പോരാട്ടം. കിരീടത്തിനായി ഇന്ത്യയും പാകിസ്ഥാനും ഏറ്റുമുട്ടും. ദുബായിൽ ഇന്ത്യൻ സമയം രാത്രി എട്ടിനാണ് മത്സരം.

&&&&&&&&&&&&&&&&&&

&&&&&&&&&&

&&&